BSNL EMPLOYEES UNION
(Regd. under Indian Trade Union Act 1926. Regn. No. 4896)
KERALA CIRCLE
P&T House, Thiruvananthapuram 695001.

സർക്കുലർ നമ്പർ: 54/2018-2020 തീയതി: 26-08-2019

# റഫറണ്ടം പ്രവർത്തനങ്ങൾ വിജയിപ്പിക്കുക

സഖാക്കളെ,

ബി.എസ്.എൻ.എൽ.മേഖലയിലെ 8-ാമത് റഫറണ്ടത്തിന് ഇനി ഏതാനും ദിവസങ്ങൾ മാത്രമാണ് നമ്മുടെ മുന്നിലുള്ളത്. അതിനനുസരിച്ച് പ്രവർത്തനങ്ങൾ ഒന്നുകൂടി ചിട്ടപ്പെടുത്തണം. ജില്ലാ കൺവെൻനുകൾ ആഗസ്റ്റ് 24 നുള്ളിൽ പൂർത്തീകരിക്കുവാൻ തീരുമാനിച്ചിരുന്നു. ഏതെല്ലാം ജില്ലകളിൽ കൺവെൻഷൻ സംഘടിപ്പിച്ചുവെന്ന് അറിയിക്കണം. പൂർത്തിയാക്കാത്ത ജില്ലകൾ കൺവെൻഷൻ ചേരുവാനുള്ള നടപടികൾ സ്വീകരിക്കണം. ചുമതലയുള്ള സംസഥാന ഭാരവാഹികൾ മുൻകൈ എടുക്കണം. 26-8-2019 ൽ ബൂത്ത് കൺവെൻഷനുകൾ ആരംഭിക്കണം. ബൂത്ത് കമ്മിറ്റികൾ രൂപീകരിക്കണം. ബൂത്ത് കൺവീനർമാരുടെ പേരും അഡ്രസ്സും സർക്കിൾ യൂണിയനെ അറിയിക്കണം. മഹിളാ കമ്മിറ്റി കൺവീനറുമായി ആലോചിച്ച് മഹിളാ കൺവെൻഷൻ സംഘടിപ്പിക്കണം.

ഓരോ ജില്ലയിലെയും ആകെ വോട്ടർമാർ, ബൂത്തുകളുടെ എണ്ണം, ഓരോ ബൂത്തിലുമുള്ള വോട്ടുകളുടെ എണ്ണം എന്നിവ സർക്കിൾ യൂണിയനെഅറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഒരു ജില്ലയിൽ നിന്നും വിവരം ലഭിച്ചിട്ടില്ല.

പ്രചരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പോസ്റ്ററുകൾ ജില്ലകളിൽ എത്തിച്ചിട്ടുണ്ട്. ജില്ലയിലെ എല്ലാഭാഗത്തും പ്രചരണം എത്തിക്കുന്നതരത്തിൽ വിതരണം ചെയ്യണം. സർക്കിൾ യൂണിയന്റെ അഭ്യർത്ഥന നോട്ടീസ് ജില്ലാ സെക്രട്ടറിമാരുടെ പേരിൽ അയച്ചിട്ടുണ്ട്. കഴിഞ്ഞ 3 വർഷത്തെ പ്രവർത്തനനേട്ടങ്ങളുടെ സംക്ഷിപ്തരൂപം ആഗസ്റ്റ് മാസത്തിലെ ക്രൂസേഡറിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ക്രൂസേഡർ എല്ലാ ജീവനക്കാരിലും എത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. ബുക്ക്ലെറ്റ് എല്ലാ ജീവനക്കാരിലും എത്തിയെന്നും ഉറപ്പുവരുത്തണം.

## റഫറണ്ടം ഫണ്ട്:

റഫറണ്ടവുമായി ബന്ധപ്പെട്ട് ജില്ലകൾക്കും, സർക്കിളിനും വൻ സാമ്പത്തിക ബാദ്ധ്യതയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ബാദ്ധ്യത നിർവഹിക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കാൻ സർക്കിൾ പ്രവർത്തകസമിതി തീരുമാനിച്ചിരുന്നു. എത്രയും വേഗത്തിൽ ഫണ്ട് ശേഖരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കണം. സർക്കിൾ ക്വാട്ട സർക്കിൾ യൂണിയനു ഉടൻ നൽകണം.

**ദുരിതാശ്വാസ ഫണ്ട്:**

പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ ഫണ്ട് ശേഖരിക്കണമെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരു വിവരവും ജില്ലകളിൽ നിന്നും ലഭിച്ചിട്ടില്ല. കേരളത്തിലെ കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള സർവ്വീസ് സംഘടന ട്രേഡ് യൂണിയൻ സംഘടനകൾ ജീവനക്കാരിൽ നിന്നും ഫണ്ട് ശേഖരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുകയാണ്. ബി.എസ്.എൻ.എൽ. മേഖലയിൽ നിന്നും പരമാവധി തുക ശേഖരിക്കേണ്ടതുണ്ട്. ബി.എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയനു മാത്രമായി ഈ പ്രവർത്തനങ്ങളിൽ നിന്ന് മാറിനിൽക്കുവാൻ കഴിയില്ല. അതുകൊണ്ട് ഫണ്ട് ശേഖരിക്കുവാൻ ആവശ്യമായ നടപടി ജില്ലാസെക്രട്ടറിമാർ സ്വീകരിക്കണം.

**ഏകപക്ഷീയമായ ഉത്തരവ് പിൻവലിക്കണം:**

നോൺ എക്സിക്യൂട്ടീവ് ജീവനക്കാരെ പുനർവ്യന്യസിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കിൾ അധികാരികൾ 21-8-2019 ൽ ജില്ലാ അധികാരികൾക്ക് നൽകിയ നിർദ്ദേശം പിൻവലിക്കഷണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏകപക്ഷീയമായഉത്തരവിനെതിരെയുള്ള നമ്മുടെ പ്രതിഷേധവും അറിയിച്ചിട്ടുണ്ട്. ഈ ഉത്തരവ് നടപ്പാക്കുവാൻ യാതൊരുകാരണവശാലും അനുവദിക്കരുത്.



**സി. സന്തോഷ്കുമാർ,**
സർക്കിൾ സെക്രട്ടറി.